## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - ഹിന്ദി വിഭാഗം സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ഉത്തരവ് നമ്പർ എ 4/9156/2018//കോ.വി.വ, തിരുവനന്തപുരം, തീയതി: 01.06.2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. ഈ ഓഫീസിലെ 05.05.2018 തീയതിയിലെ ഇതേ നമ്പർ പൊതുസ്ഥലംമാറ്റ ഉത്തരവ്.
2. ഈ ഓഫീസിലെ 23.05.2018 തീയതിയിലെ ഇതേ നമ്പർ സ്ഥലംമാറ്റ ഉത്തരവ്.
3. 29.05.2018 ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ-806/2018-ൻമേലുള്ള ഇടക്കാല ഉത്തരവ്.
4. 31.05.2018 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ സ്ഥലംമാറ്റ ഭേദഗതി ഉത്തരവ്.
5. 01.06.2018 ലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ.ഷീലാകുമാരി.എൽ.ന്റെ അപേക്ഷ.

### ഉത്തരവ്

പരാമർശം (3) ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പ്രകാരം പരാമർശം (2) സ്ഥലംമാറ്റ ഉത്തരവ് പരാമർശം (3) ഉത്തരവ് തീയതി മുതൽ ഒരു മാസം സ്റ്റേചെയ്തിട്ടുള്ളതിനാൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച അന്തിമ പൊതുസ്ഥലംമാറ്റ ഉത്തരവ് നിലനിർത്തി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (3) ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ കേസിലെ റെസ്പോണ്ടന്റ് അല്ലാത്ത ഡോ.എൽ.ഷീലാകുമാരിയുടെ പരാമർശം (5) അപേക്ഷ പ്രകാരം ടിയാളെ കെ.എൻ.എം കാഞ്ഞിരംകുളം ഗവൺമെന്റ് കോളേജിൽ നിന്നും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഡോ.ബി.അശോകിനെ സ്ഥലംമാറ്റുന്ന ഒഴിവിലും, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഡോ.ബി.അശോകിനെ കാഞ്ഞിരംകുളം ഗവൺമെന്റ് കോളേജിൽ ഡോ.എൽ.ഷീലാകുമാരിയെ സ്ഥലംമാറ്റുന്ന ഒഴിവിലും സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ ഉത്തരവ് പ്രകാരം അദ്ധ്യാപകരെ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ആയത് രേഖാമൂലം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്/ അദ്ധ്യാപകർക്ക്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), എസ്.എച്ച് മൌണ്ട് റോഡ്, നാഗമ്പടം ബ്രാഞ്ച് ഓഫീസ്, കോട്ടയം
3. കരുതൽ ഫയൽ/ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

4955 ഡി.ജി. 01.06.2018

GOVERNMENT OF KERALA 2017-18